©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9** Vol. IX | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | **2020 നവംബർ 10** 10th November 2020 **1196 തുലാം 25** 25th Thulam 1196 **1942 കാർത്തികം 19** 19th Karthika 1942 | **നമ്പർ** No. | **2731** |

### കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ. 67/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, 2020 നവംബർ *9*.

**എസ്. ആർ. ഒ. നമ്പർ 812/2020**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, 2020 നവംബർ 11-ാം തീയതി കാലാവധി അവസാനിക്കുന്ന സംസ്ഥാനത്തെ ഓരോ മുനിസിപ്പാലിറ്റിയുടെയും കാലാവധി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അവസാനിക്കുന്നതു മുതൽ, 2020-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിനു ശേഷം പുതിയ മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതുവരെയുള്ള കാലയളവിലേക്ക് അങ്ങനെയുള്ള ഓരോ മുനിസിപ്പാലിറ്റികളുടെയും ഭരണ നിർവ്വഹണത്തിനു വേണ്ടി സർക്കാർ ഉദ്യോഗസ്ഥരായ മൂന്നംഗങ്ങളുൾപ്പെടുന്ന ഓരോ ഭരണ നിർവഹണ കമ്മിറ്റിയെ വീതം താഴെപ്പറയുന്ന പ്രകാരം നിയമിച്ചുകൊണ്ട് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:-

**ഭരണ നിർവഹണ കമ്മിറ്റികളുടെ ഘടന**

**(എ) മുനിസിപ്പൽ കോർപ്പറേഷൻ:-**

(1) ജില്ലാ കളക്ടർ;

(2) മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി;

(3) കോർപ്പറേഷൻ എൻജിനീയർ.

**(ബി) മുനിസിപ്പൽ കൗൺസിൽ:-**

(1) മുനിസിപ്പൽ കൗൺസിൽ സെക്രട്ടറി;

(2) മുനിസിപ്പൽ എൻജിനീയർ;

(3) മുനിസിപ്പാലിറ്റിയിലെ സംയോജിത ശിശുവികസന പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ കാലാവധി 2020 നവംബർ 11–ാം തീയതി അവസാനിക്കുകയാണ്. എന്നാൽ കോവിഡ്–19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, 2020 നവംബർ 12–ാം തീയതി പുതിയ മുനിസിപ്പാലിറ്റി രൂപീകരിക്കാൻ കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020–ലെ പൊതു തെരഞ്ഞെടുപ്പ് ക്രമീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാരണത്താൽ നിലവിലുള്ള മുനിസിപ്പാലിറ്റികളുടെ കാലാവധി തീരുന്നതിനും 2020–ലെ പൊതു തെരഞ്ഞെടുപ്പിനു ശേഷം പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനും ഇടയിലുള്ള കാലയളവിലേക്ക്, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ ഭരണ നിർവഹണത്തിനായി ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 65–ാം വകുപ്പ് (1)–ാം ഉപവകുപ്പ്, ഒരു മുനിസിപ്പാലിറ്റിയുടെ കാലാവധി കഴിയുകയും ഒരു പുതിയ മുനിസിപ്പാലിറ്റി രൂപീകരിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോഴോ അല്ലെങ്കിൽ 64–ാം വകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റി പിരിച്ചുവിടുകയാണെങ്കിലോ, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി വിജ്ഞാപനത്തിൽ പറയാവുന്ന കാലയളവിൽ മുനിസിപ്പാലിറ്റിയുടെ ഭരണ നിർവഹണത്തിനായി ഒരു സ്പെഷ്യൽ ആഫീസറെയോ അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥരായ മൂന്നിൽ കുറയാത്ത അംഗങ്ങളുള്ള ഒരു ഭരണ നിർവഹണ കമ്മിറ്റിയെയോ നിയമിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിൻപ്രകാരം സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ ഭരണ നിർവ്വഹണത്തിനു വേണ്ടി ഓരോ ഭരണ നിർവഹണ കമ്മിറ്റി വീതം നിയമിക്കുവാൻ, സർക്കാർ, തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.10 03:53:55 +05:30